**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1090** **24-02-2022 - ൽ മറുപടിയ്ക്ക്**

**കോന്നി നിയോജകമണ്ഡലത്തിൽ സാംസ്കാരിക നിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോന്നി നിയോജക മണ്ഡലത്തിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കുമെന്നും അറിയിക്കാമോ; | (എ) | 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബി പദ്ധതി പ്രകാരമാണ് സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ അടങ്കൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി. പത്തനംതിട്ട ജില്ലയിൽ ചട്ടമ്പിസ്വാമിയുടെ നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള സത്വര നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പദ്ധതി നടത്തിപ്പിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; | (ബി) | സാംസ്കാരിക സമുച്ചയ നിർമ്മാണ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷനെയാണ് (കെ.എസ്.എഫ്.ഡി.സി) നിയോഗിച്ചിട്ടുള്ളത്. |
| (സി) | ഇതിനായി അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്താമോ? | (സി) | പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ അടങ്കൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ